DCKNR/1917/2019-C2

കണ്ണൂർ ജില്ലാ കളക്ടറുടെ 15/02/2020 തീയ്യതിയിലെ നടപടിക്രമം
(സാന്നിദ്ധ്യം- സുഭാഷ് ടി വി ഐ എ എസ്)

വിഷയം:- എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം തലശ്ശേരി വളവുപാറ റോഡ് വികസനം- തിരുവങ്ങാട്, എരഞ്ഞോളി വില്ലേജ് -റോഡ് നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലമെടുപ്പ്- സമുചിത സർക്കാർ തീരുമാനം പുറപ്പെടുവിക്കുന്നത് –സംബന്ധിച്ച്.

സൂചന:- 1.എക്സിക്യൂട്ടീവ് എഞ്ചിനിയർ,പിഡബ്ല്യൂ.ഡി ,കെ .എസ്.ടിപി ഡിവിഷൻ കണ്ണൂരിന്റെ 19.01.2019 തിയ്യതിയിലെ എൽ .ഒ.240/12 നമ്പർ അർത്ഥന

2.റവന്യൂ (ബി) വകുപ്പിന്റെ 29/06/2016 ലെ GO(P) No.376/2016/RD നമ്പർ ഉത്തരവ്

3.റവന്യൂ (ബി) വകുപ്പിന്റെ 29/06/2016 ലെ GO(P) No.377/2016/RD നമ്പർ ഉത്തരവ്.

4.ചെയർമാൻ സാമൂഹ്യാഘാത പഠന ഏജൻസിയായ കെയ്റോസ്,കണ്ണൂർ സമർപ്പിച്ച റിപ്പോർട്ട്

5. ചെയർമാൻ വിദഗ്ദ്ധ ഗ്രൂപ്പിന്റെ 24.01.2020 തീയ്യതിയിലെ റിപ്പോർട്ട്.

6. ജി.ഒ.( ആർ.ടി)നം. 957/2003 പിഡബ്ല്യൂ.ഡി തീയ്യതി 26.09.2003

********************

തലശ്ശേരി - വളവുപാറ റോഡ് വികസനവുമായി ബന്ധപ്പെട്ട് സൂചന (6) ഉത്തരവിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ തിരുവങ്ങാട്, എരഞ്ഞോളി വില്ലേജിൽ നിന്നും 0.1650 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി കെ .എസ്.ടിപി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ, സൂചന (1) പ്രകാരം അർത്ഥന സമർപ്പിച്ചിരുന്നു.

200 ആർ വരെ ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യത്തിൽ അതാത് ജില്ലാ കലക്ടറെ സമുചിത സർക്കാറായി പ്രഖ്യാപിച്ചുകൊണ്ട് സൂചന (2)പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബാധിക്കപ്പെട്ട പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചട്ട പ്രകാരം കെയ്റോസ്,കണ്ണൂർ എന്ന ഏജൻസിയെ നിയമിക്കുകയും ,ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസി സൂചന (4)പ്രകാരം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി സൂചന (3) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ ഗ്രൂപ്പിനെ രൂപീകരിച്ചിരുന്നു . വിദഗ്ദ്ധ ഗ്രൂപ്പ് ചെയർമാൻ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി സൂചന (5)പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

തലശ്ശേരി - വളവുപാറ റോഡിന്റെ ഭാഗമായി എരഞ്ഞോളിയിൽ പുതിയതായി

NIC

നിർമ്മിക്കുന്ന പാലത്തിന്റെ ഇരുഭാഗത്തായുള്ള റോഡ് വികസിപ്പിക്കുന്നതിന് വേണ്ടിയാണ് പ്രധാനമായും ഭൂമി ഏറ്റെടുക്കുന്നതെന്നും ആയതിനാൽ ഈ ആവശ്യത്തിന് വേണ്ടി പകരം വേറെ ഭൂമി കണ്ടെത്തേണ്ടതില്ലെന്നും, ഇപ്രകാരം ഏറ്റെടുക്കുന്ന ഭൂമി ഏറ്റവും കുറഞ്ഞ അളവിലാണെന്നും ,നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ ഒരു പൊതു ആവശ്യത്തിന് വേണ്ടിയാണെന്നും, ഏറ്റെടുക്കുന്ന സ്ഥലത്ത് താമസിക്കുന്ന വീടുകളൊന്നും ഉൾപ്പെടുന്നില്ലെന്നും ,പുനരധിവാസത്തിന്റെ ആവശ്യകതയില്ലെന്നും ,നിർദ്ദിഷ്ടപദ്ധതിയുടെ നിർമ്മാണത്തിന്റെ ഫലമായി ഭൂമി നഷ്ടപ്പെടുന്നവർക്ക് ന്യായമായ നഷ്ടപരിഹാരം നൽകുന്നതിലൂടെ നഷ്ടം പരിഹരിക്കാവുന്നതാണെന്നും നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിന്റെ ഗുണങ്ങൾ കണക്കാക്കുമ്പോൾ ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ കുറവാണെന്നും ആയതിനാൽ നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകാവുന്നതാണെന്നും വിദഗ്ധ സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

തലശ്ശേരി വളവുപാറ റോഡ് വികസനത്തിന് വേണ്ടി എരഞ്ഞോളിയിൽ പുതിയതായി നിർമ്മിക്കുന്ന പാലത്തിന്റെ ഇരുഭാഗത്തായുള്ള റോഡ് വികസിപ്പിക്കേണ്ടത് ഒഴിച്ചുകൂടാനാവാത്ത സാഹചര്യമായതിനാൽ തിരുവങ്ങാട്, എരഞ്ഞോളി വില്ലേജിൽ 0.1650 ഹെക്ടർ ഭൂമി എൽ.എ.ആർ.ആർ ആക്ട് 2013 ലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനായി സമുചിത സർക്കാർ എന്ന നിലയിൽ ഇതിനാൽ ഉത്തരവാകുന്നു.

കണ്ണൂർ ജില്ലാ കളക്ടർ

പകർപ്പ്:

1) റവന്യൂ ഡിവിഷണൽ ഓഫീസർ,തലശ്ശേരി.
2)തഹസിൽദാർ,തലശ്ശേരി.
3)സ്പെഷ്യൽ തഹസിൽദാർ,എൽ.എ,കെ എസ്.ടിപി,തലശ്ശേരി.
4)സെക്രട്ടറി, തലശ്ശേരി,മുൻസിപ്പാലിറ്റി.
5)വില്ലേജ് ഓഫീസർ,തിരുവങ്ങാട് .
6)വില്ലേജ് ഓഫീസർ, എരഞ്ഞോളി.
7)എക്സിക്യൂട്ടീവ് എഞ്ചിനിയർ,പിഡബ്ല്യു.ഡി , കെ.എസ്.ടി.പി ഡിവിഷൻ കണ്ണൂർ.

Signature valid

Digitally signed by SUBASH T V
Date: 2020.02.15 15:35:52 IST
Reason: Approved